**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1391** **28-07-2021 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം ലഭിച്ചു; | (എ) | 25/05/2016 മുതൽ 20/05/2021 വരെ 1,61,361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന്) നിയമന ശിപാർശകളാണ് പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നൽകിയിട്ടുള്ളത്. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കുവാൻ സാധിച്ചു; | (ബി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ വിവിധ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിലായി 25000-ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലന്വേഷകരെ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ നൈപുണ്യ വർദ്ധനവിനും അവസരമൊരുക്കും. തുടർന്ന് തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായുള്ള വിശദമായ പദ്ധതി തയ്യാറാക്കാൻ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്തെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 20 ലക്ഷം അഭ്യസ്ത വിദ്യർക്ക് തൊഴിൽ അവസരം നൽകും എന്ന ഈ സർക്കാരിന്റെ പ്രഖ്യാപനത്തിന് അടിസ്ഥാനമെന്താണ്; വിശദമാക്കുമോ? | (സി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ വിവിധ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിലായി 25000-ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലന്വേഷകരെ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ നൈപുണ്യ വർദ്ധനവിനും അവസരമൊരുക്കും. തുടർന്ന് തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായുള്ള വിശദമായ പദ്ധതി തയ്യാറാക്കാൻ കേരള ഡെവലപ്മെന്റ് |

| | | | |
|---|---|---|---|
| | | | ആൻഡ് ഇന്നൊവേഷൻ സ്റ്റാറ്റജിക് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ